**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 215** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂജല സംപോഷണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നീരുറവകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിവിധ തരം ജലസ്രോതസ്സുകളുടെ മാസ്റ്റർ ഡാറ്റാബേസ് ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നീരുറവകളുടെ വിവരശേഖരണം ഭൂജലവകുപ്പ് മുഖേന നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ജൽ ശക്തി മന്ത്രാലയം ഒരു ഏകീകൃത സെൻസസ് നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. താഴെ പറയുന്ന നാല് സെൻസസുകൾ സംയോജിപ്പിച്ചാണ് ഈ പ്രവർത്തനം നടപ്പിലാക്കുന്നത്:<br><br>1. ഏഴാമത് ചെറുകിട ജലസേചന സെൻസസ്.<br><br>2. രണ്ടാമത് ജലാശയങ്ങളുടെ സെൻസസ്.<br><br>3. ഒന്നാമത് ഇടത്തരം-ചെറുകിട ജലസേചന പദ്ധതികളുടെ സെൻസസ്.<br><br>4. ഒന്നാമത് നീരുറവകളുടെ സെൻസസ്.<br><br>ഇതിൽ, ഒന്നാമത് നീരുറവകളുടെ സെൻസസ് ($1^{st}$ Census of Springs) നടത്തുന്നതിനുള്ള സംസ്ഥാനതല നോഡൽ ഡിപ്പാർട്ട്മെന്റായി ഭൂജല വകുപ്പിനെയും, വകുപ്പ് ഡയറക്ടറെ സ്റ്റേറ്റ് നോഡൽ ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തെ എല്ലാ ഭൂജല നിർമ്മിതികളുടെയും വിവരങ്ങൾ ശേഖരിച്ച് ഭൂജലസ്രോതസ്സുകളുടെ മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനു വേണ്ടി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി വെൽ സെൻസസ് പദ്ധതി സംസ്ഥാനത്തെ 93 ബ്ലോക്കുകളിലെ 563 പഞ്ചായത്തുകളിൽ ആരംഭിച്ചു. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC)-ന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്ത "നീരറിവ്" എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | കുടുംബശ്രീ മിഷൻ മുഖേനയാണ് ഭൂജല നിർമ്മിതികളുടെ വിവരശേഖരണം നടത്തി വരുന്നത്.<br><br>331 പഞ്ചായത്തുകളിൽ പൂർണ്ണമായും 232 പഞ്ചായത്തുകളിൽ ഭാഗികമായും വിവര ശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. 8.2 കോടി രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട്. ഏകദേശം 21 ലക്ഷം ഡാറ്റാ ഇതുവരെ ശേഖരിച്ചിട്ടുണ്ട്.<br><br>ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"- യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യാറാക്കുകയും, അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം/ പുനരുദ്ധാരണം/ സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്ത് നിർവ്വഹിക്കാറുണ്ട്. ആയതിന്റെ ഫലമായി 1013 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ഒപ്പം കേരളത്തിലെ 15 ബ്ലോക്കുകളുടെയും, 94 ഗ്രാമ പഞ്ചായത്തുകളുടെയും ജല ബഡ്ജറ്റിംഗ് (ഒരു നദീതടത്തിലോ/ നീർത്തടത്തിലോ വിവിധ ആവശ്യങ്ങൾക്കായി വേണ്ടി വരുന്ന ജലവും, ലഭ്യമായ ജലവും തമ്മിലുള്ള അന്തരം) നവകേരളം കർമ്മ പദ്ധതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. ജല ബഡ്ജറ്റിംഗ് നടത്തിയ ബ്ലോക്കുകളുടെയും പഞ്ചായത്തുകളുടെയും ജല കമ്മി മനസ്സിലാക്കി അതനുസരിച്ച് നീരുറവ മാസ്റ്റർ പ്ലാനിലെ പദ്ധതികൾ, ജലസേചന വകുപ്പിലെ സാങ്കേതിക സമിതി കൺവീനർമാർ സാങ്കേതിക പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ വരൾച്ച - വെള്ളപ്പൊക്കം എന്നിവയെ നേരിടുന്നതിനും, കൃഷി - ജലസംരക്ഷണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു. കൂടാതെ, 2023-24 അടിസ്ഥാന വർഷത്തിൽ നടത്തുന്ന ഏഴാം എം. ഐ സെൻസസിനും രണ്ടാം ജലാശയ സെൻസസിനും വേണ്ടിയുള്ള കണക്കെടുപ്പ് പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു |
| (ബി) | സംസ്ഥാനത്ത് നടത്തിവരുന്ന ഭൂജല സംപോഷണ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ; | (ബി) | ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജലസംരക്ഷണത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ / കുഴൽക്കിണർ, |

| | | | |
|---|---|---|---|
| | | | റീചാർജ്ജ് പിറ്റ് വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തു വരുന്നു. കേരളത്തിലെ ഗുരുതര, അർദ്ധ ഗുരുതര ബ്ലോക്കുകളിലെ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി വരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിലെ ഭൂജല നിർമ്മിതികളെ കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത്. കൂടാതെ പദ്ധതി പൂർത്തീകരണത്തിലൂടെ സമീപപ്രദേശങ്ങളിലെ ജലവിതാനവും മെച്ചപ്പെടുന്നതാണ്.<br><br>കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ജൽ ശക്തി അഭിയാൻ Catch the rain - programme - ന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ടും, കേന്ദ്ര ഫണ്ടും ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്.<br><br>മഴക്കാലത്ത് പുരമുകളിൽ പെയ്ത് ഇറങ്ങുന്ന മഴവെള്ളം വെറുതെ പാഴാക്കി കളയാതെ പാത്തി പൈപ്പുകൾ ഉപയോഗിച്ച് ശാസ്ത്രീയമായി ശുദ്ധീകരിച്ച് സംഭരണിയിൽ ശേഖരിച്ച് ഗാർഹിക-ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്നു. ചെലവു കുറഞ്ഞതും, ലളിതമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതുമായ മഴവെള്ള സംഭരണികൾ ആവർത്തന ചെലവില്ലാതെ ഉപയോഗിക്കുവാൻ സാധിക്കുന്നവയാണ്. സംഭരണിയിൽ നിന്നും നിറഞ്ഞ് കവിഞ്ഞ് ഒഴുകുന്ന ശുദ്ധീകരിച്ച ജലം പുരയിടത്തിലുള്ള തുറന്ന കിണറിലേക്ക് കടത്തിവിട്ട് റീചാർജ്ജ് ചെയ്യുന്നതിലൂടെ ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാനും സഹായകമാവുന്നുണ്ട് .<br><br>ജലസേചന വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായി, റെഗുലേറ്ററുകൾ, അണക്കെട്ടുകൾ, വി.സി.ബി (Vented Cross Bar) മുതലായവയുടെ നിർമ്മാണവും പുനരധിവാസവും ഭൂഗർഭജലം നിറയ്ക്കാൻ സഹായിക്കുന്നു. |
| (സി) | സംസ്ഥാനത്തെ വിവിധ കുടിവെള്ള സ്രോതസ്സുകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് സമഗ്ര നയം | (സി) | സംസ്ഥാനത്തെ ഭൂജല സ്രോതസ്സുകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് സമഗ്ര നയം |

| | | | |
|---|---|---|---|
| | രൂപീകരിക്കുമോ; വിശദമാക്കുമോ? | | രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് "വെൽ സെൻസസ്" പദ്ധതി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഭൂജല വകുപ്പ് മുഖേന ആരംഭിച്ചത്. "വെൽ സെൻസസ് വിവര ശേഖരണം പൂർത്തിയാകുന്നതിലൂടെ ഭൂജല സ്രോതസ്സുകളുടെ സമഗ്രമായ ഡാറ്റാ ബേസ് ലഭ്യമാകുകയും ആയതുവഴി കൃത്യമായ നയ രൂപീകരണം സാധ്യമാകുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ